DIRECTORATE OF MINORITY WELFARE
THIRUVANANTHAPURAM
2267

കേരള സർക്കാർ

സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ് – സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് പദ്ധതി ന്യൂനപക്ഷക്ഷേമ വകുപ്പ് ഏറ്റെടുത്തുകൊണ്ടും ഇതിനായി സൃഷ്ടിച്ചിട്ടുള്ള സൂപ്പർവൈസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് മാറ്റിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

സ.ഉ.(സാധാ). 8024/13/പൊ.ഭ.വ. തിരുവനന്തപുരം, 04.10.2013

പരാമർശം :
1. സ.ഉ.(കൈ).278/2008/പൊ.ഭ.വ , തീയതി 16.08.2008.
2. സ.ഉ.(കൈ). 355/08/പൊ.ഭ.വ , തീയതി 06.11.2008.
3. സ.ഉ.(കൈ).226/2009/പൊ.ഭ.വ , തീയതി 03.10.2009.
4. സ.ഉ.(കൈ).58/2012പൊ.ഭ.വ , തീയതി 19.03.2012.
5. 06.05.2013, 01.07.2013 എന്നീ തീയതികളിലെ ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ 961/എ.ഡി/2013/ന്യൂ.ക്ഷേ.വ നമ്പർ കത്തുകൾ.

## ഉത്തരവ്

ജസ്റ്റീസ് രാജീന്ദർ സച്ചാർ കമ്മിറ്റി ശുപാർശകൾ കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ബിരുദ-ബിരുദാനന്തര-പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥിനികൾക്കായി സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിനും ഈ പദ്ധതി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്നതിനും പരാമർശം-(1) പ്രകാരം സർക്കാർ ഉത്തരവായി. പരാമർശം - (2),(4) ഉത്തരവ് പ്രകാരം പദ്ധതിയുടെ മാനദണ്ഡങ്ങളും നിശ്ചയിക്കുകയുണ്ടായി. പദ്ധതി നടപ്പാക്കുന്നതിനായി ഒരു സൂപ്പർവൈസറുടെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടേയും തസ്തികകളും പരാമർശം - (3) പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതിയുടെ മേൽനോട്ടവും അവലോകനവും, മേൽ തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്ന ചുമതലയും ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർക്കാണ്.

2. ന്യൂനപക്ഷക്ഷേമ വകുപ്പിന് ഡയറക്ടറേറ്റും ജീവനക്കാരും നിലവിൽ വന്നതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്കായുള്ള "സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്" 2013-14 വർഷം മുതൽ ന്യൂനപക്ഷക്ഷേമ വകുപ്പ് ഏറ്റെടുത്തു നടപ്പിലാക്കുന്നതിനാവശ്യമായ സർക്കാർ ഉത്തരവാകണമെന്നും ടി സ്കോളർഷിപ്പ് പദ്ധതി ഏറ്റെടുക്കുന്നതിനായി ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ തസ്തിക അനുവദിക്കണമെന്നും പരാമർശം -(5) പ്രകാരം ന്യൂനപക്ഷക്ഷേമ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് കൂടിയാലോചിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേനനടപ്പിലാക്കിവരുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി അടുത്ത അദ്ധ്യയന വർഷം (2014-15) മുതൽ ന്യൂനപക്ഷക്ഷേമ വകുപ്പ് ഏറ്റെടുത്തു നടത്തുന്നതിന്

[Contd................2]

അനുമതി നൽകി ഉത്തരവാകുന്നു. സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി 2013-14 അദ്ധ്യയനവർഷത്തെ പുതിയ അപേക്ഷകൾ (Fresh) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കേണ്ടതും ഇപ്പോൾ സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ വിതരണം നടത്തിവരുന്നതും പുതുക്കേണ്ടതുമായ (Renewal) സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഗുണഭോക്താക്കളുടെ കോഴ്സ് കാലാവധി അവസാനിക്കുന്നതുവരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ തന്നെ തുടരേണ്ടതുമാണ്.

4. സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിട്ടുള്ള സൂപ്പർവൈസർ തസ്തികയും ടി ഉദ്യോഗസ്ഥനെയും പദ്ധതി ഏറ്റെടുക്കുന്ന മുറയ്ക്ക് ന്യൂനപക്ഷക്ഷേമ വകുപ്പിന് കൈമാറേണ്ടതാണ്. സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ വിതരണം നടത്തിവരുന്ന സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് ആനുകൂല്യത്തിന് അർഹരായവരുടെ കോഴ്സ് കാലാവധി പൂർത്തിയാകുന്നത് വരെ ഡാറ്റാ എൻട്രി ഓപ്പറേറ്റരുടെ സേവനം സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ കീഴിൽ തുടരേണ്ടതും ടി കോഴ്സുകളുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് മേൽ തസ്തികയും ജീവനക്കാരനെയും ന്യൂനപക്ഷക്ഷേമ വകുപ്പിന് കൈമാറേണ്ടതുമാണ്.

5. സ്കോളർഷിപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും, സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ സേവനം ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതും ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള മെഷീനറികളും അതുമായി ബന്ധപ്പെട്ട മറ്റുപകരണങ്ങളും അക്കൗണ്ടുകളും രജിസ്റ്ററുകളും ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിന് കൈമാറേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**കെ.ആർ. ജ്യോതിലാൽ**
**സെക്രട്ടറി**

1. ഡയറക്ടർ, ന്യൂനപക്ഷക്ഷേമവകുപ്പ്, വികാസ് ഭവൻ, 4-ാം നില, തിരുവനന്തപുരം.
2. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
4. ഉന്നതവിദ്യാഭ്യാസ വകുപ്പ് (No.15175/C2/13/H.Edn , തീയതി 24.09.2013 പ്രകാരം)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-നഗരകാര്യവും ന്യൂനപക്ഷക്ഷേമവകുപ്പും മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പൊതുഭരണ സെക്രട്ടറിയുടെ പി.എ.
പൊതുഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ